"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - ശ്രീമതി.ബീനാ ആന്റോ ഫയൽ ചെയ്ത WP(C) നം. 31690/2022 നമ്പർ ഹർജിയിൽ ബഹു.ഹൈക്കോടതി 21/10/2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ചുകൊണ്ടും, എയ്ഡഡ് സ്കൂളിൽ നിയമനം ലഭിക്കുന്നതിന് പ്രായപരിധിയിൽ ഇളവ് അനുവദിക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യം നിരസിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

സ.ഉ.(സാധാ) നം.259/2024/GEDN തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:-

1. സ.ഉ.(പി) 18/2018/പൊ.വി.വ 18.11.2018 തീയതി
2. എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി സംവരണവുമായി ബന്ധപ്പെട്ടു WP(C)19808/2021 നമ്പർ ഹർജിയിൽ ബഹു.ഹൈക്കോടതി 10/08/ 2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
3. ശ്രീമതി ബീനാ ആന്റോയുടെ 30.08.2022 തീയതിയിലെ നിവേദനം.
4. ശ്രീമതി.ബീനാ ആന്റോ ഫയൽ ചെയ്ത WP(C)31690/2022 നമ്പർ ഹർജിയിൽ ബഹു.ഹൈക്കോടതി 21/10/2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.

ഉത്തരവ്

ശ്രീമതി.ബീനാ ആന്റോ 40% ലോക്കോമോട്ടർ വൈകല്യമുള്ള (ഓർത്തോപീഡിയക്ക്) വ്യക്തിയാണ് (post polio residual paralysis of lower limb). ഭിന്ന ശേഷി സംവരണം എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടായതിനാൽ, ഹർജിക്കാരിയ്ക്ക് അധ്യാപക നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി അധികരിച്ചെന്നും എയ്ഡഡ് സ്കൂളിലെ നിയമനത്തിന് ക്ലെയിം അനുവദിച്ചില്ല എന്നും, സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായ കാലതാമസം ആയതിനാൽ, WP(C)19808/2021-ൽ

ബഹു കോടതി നിർദ്ദേശിച്ച പ്രകാരം എയ്ഡഡ് സ്കൂളിൽ നിയമനം ലഭിക്കുന്നതിന്, പരാമർശം (1) സർക്കാർ ഉത്തരവ് തീയതിയായ 18.11.2018 തീയതി കണക്കാക്കി നിയമന പ്രായപരിധി നിശ്ചയിച്ചുകൊണ്ടു ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 1996 മുതൽ (3%) ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിന് ഹർജിക്കാരിയെപ്പോലുള്ള ശാരീരിക വൈകല്യമുള്ളവർക്കായി സർക്കാർ എയ്ഡഡ് സ്കുളുകളിലോ സർക്കാർ സർവീസിലോ അധ്യാപക നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിൽ ഇളവ് വരുത്തണമെന്നാണ് ശ്രീമതി.ബീനാ ആന്റോ ഫയൽ ചെയ്ത ഹർജിയിലെ പ്രധാന വാദം.

2. ഈ വിഷയം സംബന്ധിച്ച് ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച നിവേദനത്തിലെ ആവശ്യം ഭരണഘടനപരമായതും, നിയമപരമായതുമായ കടമകൾക്കനുസൃതമായി,ഹർജിക്കാരിയെ നേരിൽ കേട്ടുകൊണ്ട് തീർപ്പാക്കുവാൻ പരാമർശം (4)പ്രകാരം ബഹു ഹൈകോടതി ഉത്തരവായി.

3. വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഹർജിക്കാരിയെ നേരിൽ കേൾക്കുകയുണ്ടായി. 40% ലോക്കോമോട്ടർ വൈകല്യമുള്ള (post polio residual paralysis of lower limb) വ്യക്തിയാണ് ഹർജിക്കാരി. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 1996 മുതൽ (3%) ബാക്ക് ലോഗ് ഒഴിവുകൾ നികത്തുന്നതിന് ഹർജിക്കാരിയെപ്പോലുള്ള ശാരീരിക വൈകല്യമുള്ളവർക്കായി സർക്കാർ എയ്ഡഡ് സ്കുളുകളിലോ സർക്കാർ സർവീസിലോ അധ്യാപക നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയിൽ ഇളവ് വരുത്തണമെന്നാണ് പ്രധാനമായും വാദിക്കുന്നത്. ഭിന്ന ശേഷി സംവരണം നടപ്പാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് കാലതാമസം ഉണ്ടായതിനാലാണ് എയ്ഡഡ് സ്കൂളിലെ അധ്യാപക നിയമനത്തിനുള്ള പ്രായ പരിധി അധികരിച്ചത്. നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി കഴിഞ്ഞതിനാൽ എംപ്ലോയ്മെന്റ് എക്സ്ചെഞ്ചുകളിൽ എയ്ഡഡ് സ്കൂളിലേക്കുള്ള നിയമനത്തിനുള്ള പട്ടികയിൽ പേര് ഉൾപ്പെടുത്തില്ല എന്നും ഹർജിക്കാരി കുടിക്കാഴ്ചയിൽ അറിയിച്ചിരുന്നു. G.O.(P)നമ്പർ.12/2014/P&ARD തീയതി 13-5-2014 പ്രകാരം കേരളത്തിലെ പൊതു സേവനങ്ങളിലേക്കുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിലും വികലാംഗരുടെ കാര്യത്തിൽ ഈ പരിധി നിലനിൽക്കില്ലെന്നും, കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം വികലാംഗരുടെ ഉയർന്ന പ്രായപരിധി 56 ആയി കേന്ദ്ര

ഗവൺമെന്റ് ഉയർത്തുന്നുണ്ടെന്നും, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം 1, ചട്ടം 3 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്കുള്ള നിയമങ്ങളിൽ ഇളവ് വരുത്താൻ സർക്കാരിന് അധികാരമുണ്ടെന്നും, blind,deaf and dumb വിഭാഗത്തിന് നേരിട്ടുള്ള നിയമനത്തിന് 15 വർഷം വയസ്സിളവ് അനുവദിച്ചപ്പോൾ orthopedically handicapped ആയവർക്ക് 10 വർഷം മാത്രം അനുവദിച്ചതും പബ്ളിക് സർവ്വീസിലെ നിയമനത്തിനുള്ള പരമാവധി പ്രായപരിധിയായ 50 വയസ്സെന്നതിൽ ഭിന്നശേഷിക്കാർക്ക് ഇളവ് നൽകാത്തതും നീതിനിഷേധമാണെന്നാണ് ഹർജിക്കാരിയുടെ പ്രധാന വാദങ്ങൾ.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.ഒരു തസ്തികയിലെ നിയമനത്തിനായുള്ള വയസ്സ് സംബന്ധിച്ച യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടത് തസ്തികയുടെ സ്വഭാവം, പ്രസ്തുത തസ്തികയിൽ അർപ്പിതമായിരിക്കുന്ന ജോലി എന്നിവയുടെ അടിസ്ഥാനത്തിലാണ് എന്നാൽ Public Service (Raising of Upper Age Limit For Appointment) Rules 2014, ചട്ടം 2(3) പ്രകാരം പബ്ളിക് സർവ്വീസിൽ നേരിട്ടുള്ള നിയമനത്തിനായുള്ള ഉയർന്ന പ്രായപരിധി ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് വിധവ/വിഭാര്യൻ എന്നിവരുടെ കാര്യത്തിലൊഴികെ മറ്റൊരു കേസിലും യാതോരു കാരണവശാലും 50 വയസ്സിൽ അധികരിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതോടൊപ്പം blind, deaf and dumb എന്നിങ്ങനെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് G.O(Ms)30/78/GAD, dated 16.01.1978 പ്രകാരം 15 വർഷത്തെയും, Orthopaedically handicapped ആയിട്ടുള്ളവർക്ക് G.O(P)158/73/PD, dated 29.05.1973 പ്രകാരം 10 വർഷത്തെയും വയസ്സിളവ് അനുവദിച്ചിട്ടുണ്ട്.

5. പരാമർശം (1) ലെ ഉത്തരവു തീയതിയായ 18.11.2018 തീയതിക്കുശേഷം ഉണ്ടായ ഒഴിവുകളിലാണ് എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്താൻ പരാമർശം (2) പ്രകാരം ബഹു കോടതി ഉത്തരവായിരിക്കുന്നത്.എന്നാൽ പ്രസ്തുത ഒഴിവുകളിൽ 10/8/2022 ലെ വിധി വന്നതിനു ശേഷം മാത്രമാണ് നിയമനം നടത്തുന്നത് എന്നതിനാലാണ് ശ്രീമതി.ബീന ആന്റോ വയസ്സിളവ് ആവശ്യപ്പെട്ടിരിക്കുന്നത്. 40% ലോക്കോമോട്ടർ വൈകല്യമുള്ള (ഓർത്തോപീഡിയക്ക്) വ്യക്തിയാണ് ഹർജിക്കാരി (post polio residual paralysis of lower limb).നേരിട്ടുള്ള നിയമനത്തിന് orthopedically handicapped ആയവർക്ക് 10 വർഷം ഇളവ് നിലവിലുണ്ട്.

നിയമനസമയത്തെ പ്രായം കണക്കാക്കിയാണ് നിയമനം നൽകുന്നത്. ആയത് മുൻകാല പ്രാബല്യത്തിലെടുക്കാൻ സാധ്യമല്ലാത്തതിനാൽ 10 വർഷത്തെ ഇളവ് ആനുകൂല്യം ലഭിക്കുന്ന ഹർജിക്കാരിക്ക് വീണ്ടും വയസ്സിളവ് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണ്. ശ്രീമതി.ബീന ആന്റോ യുടെ പരാമർശം (3) ലെ നിവേദനത്തിലെ ആവശ്യം നിരസിച്ചു കൊണ്ടും തദനുസരണം പരാമർശം(4) ലെ ബഹു കോടതി വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖകത്ത് സഹിതം)

ശ്രീമതി.ബീന ആന്റോ, W/O ജോർജ് റ്റി.വി,ത്രിശ്ശോക്കാരൻ House,താലൂർ പി ഓ,തൃശൂർ പിൻ:680306

ഡയറക്ടർ,വെബ്&ന്യൂ മീഡിയ/ വിവര പൊതു ജന സമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ് , തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by N.k.Sheena
Date: 10-01-2024 11:55:49
Reason: Approved
സെക്ഷൻ ഓഫീസർ